# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 194 16.08.2017- ൽ മറുപടിക്ക്**

## കൈത്തറി രംഗം സംരക്ഷിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.ദാസൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.കെ.വി.വിജയദാസ് | : | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഏറെക്കാലമായി പ്രതിസന്ധിയിലായിരുന്ന കൈത്തറി രംഗത്തെ പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കാനായി ഈ സർക്കാർ കൈത്തറി മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | | (എ) പരമ്പരാഗതമേഖലയിലെ പ്രധാനപ്പെട്ട വ്യവസായമായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്കൂളിലെയും, എയ്ഡഡ് സ്കൂളുകളിലെയും ഒന്നാം ക്ലാസ്സ് മുതൽ അഞ്ചാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് 2017 അദ്ധ്യയന വർഷം 2 ജോടി യൂണിഫോം തുണി കൈത്തറിയിൽ നെയ്തെടുത്തത് സൗജന്യമായി നൽകുന്നതിന് സാധിച്ചു. ഈ പദ്ധതിയിൽ നെയ്യുവാൻ തയ്യാറായി വന്നത് 2929 നെയ്ത്തുകാരാണ്. ഇത്രയും നെയ്ത്തുകാർ 9.40 ലക്ഷം മീറ്റർ ഉല്പാദിപ്പിച്ച് 2017 അദ്ധ്യയന വർഷം യൂണിഫോം തുണി വിതരണം ചെയ്യുകയും ചെയ്തു.<br><br>ഏകദേശം 27000 നെയ്ത്തുകാർ കൈത്തറി മേഖലയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതിൽ നിലവിൽ 9000 തോളം മാത്രമാണ് ഈ മേഖലയിൽ നിൽക്കുന്നത്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യ വർഷം 2929 പേർ നേരിട്ട് തുണി നെയ്യുന്നതിനും ഇതിന്റെ ഇരട്ടിയിലധികം തൊഴിലാളികൾക്ക് പാവ് ചുറ്റൽ, താരു ചുറ്റൽ തുടങ്ങിയ അനുബന്ധ ജോലികളും ലഭിക്കുകയുണ്ടായി. സ്കൂൾ യൂണിഫോം പദ്ധതിക്ക് മാത്രമായി നെയ്ത്തുകാർക്ക് ഇതുവരെ കൂലിയിനത്തിൽ 8.50 കോടിയിലധികം രൂപ നൽകിയിട്ടുണ്ട് ഇതുമൂലം പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറിയിൽ പുത്തനുണർവ് സംജാതമായിട്ടുണ്ട്. |

(ബി) പരമ്പരാഗത തൊഴിലാളികൾക്ക് ഉപജീവനം ഉറപ്പാക്കുന്നതിനോടൊപ്പം കൈവേലയുടെ മഹത്വം കുട്ടികൾക്ക് മനസ്സിലാക്കാൻ കൂടി ഉപകരിക്കുന്ന സൗജന്യ കൈത്തറി യൂണിഫോം വിതരണം പദ്ധതി, കൈത്തറി മേഖലയിലുണ്ടാക്കിയ വികസനം അറിയിക്കാമോ; ആവശ്യത്തിന് യൂണിഫോം തുണി ലഭ്യമാക്കാൻ സാധിക്കുംവിധം വിപുലീകരണത്തിന് എന്തൊക്കെ പദ്ധതികളാണ് ഉള്ളത്; കൈത്തറിയെന്ന വ്യാജേന മിൽ തുണി വിറ്റഴിക്കാതിരിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണം അറിയിക്കാമോ;

(ബി) കേരളത്തിൽ ഏകദേശം 29000 തറികൾ കൈത്തറി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ 9000 തറികൾ മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ. കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യം വച്ച് കൊണ്ട് ആരംഭിച്ച സ്കൂൾ യൂണിഫോം പദ്ധതിയിൽ ആദ്യവർഷം 2929 നെയ്ത്തുകാർ പങ്കെടുത്തിരുന്നു. ഇവർ 5 മാസക്കാലം കൊണ്ട് ഏകദേശം 10.50 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിച്ചു. ഇതിലേക്കായി നെയ്ത്തുകാർക്ക് 8.50 കോടി രൂപ കൂലിയിനത്തിൽ ലഭിച്ചിട്ടുണ്ട്. 2018 അദ്ധ്യയന വർഷത്തേക്കുള്ള സ്കൂൾ യൂണിഫോം തുണി യുടെ ഉല്പാദനം ആരംഭിച്ചു കഴിഞ്ഞു. കഴിഞ്ഞ വർഷത്തേക്കാളും 350 നെയ്ത്തുകാർ ഇതിൽ അധികമായി പങ്കാളികളായിട്ടുണ്ട്. 2018 ലേക്ക് 24 ലക്ഷം മീറ്റർ തുണിയുടെ ആവശ്യമുണ്ട്. സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കാണ് യൂണിഫോം തുണി നൽകുന്നത്. യൂണിഫോം തുണി നെയ്യുന്നതിന് കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിലേക്കായി കൃത്യമായി കൂലി അവരവരുടെ ബാങ്ക് അക്കൗണ്ട് വഴി DBT സംവിധാനത്തിലൂടെ നൽകിവരുന്നു. കൂടാതെ തറി അറ്റകുറ്റപ്പണി നടത്തുന്നതിനും നെയ്ത്തിന് സജ്ജമാക്കുന്നതിനും സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിൽ നിന്നും തറി ഒന്നിന് പരമാവധി 4000/- രൂപാ ക്രമത്തിൽ നൽകുന്നുണ്ട്. പുതിയ തലമുറയിൽപ്പെട്ട ആൾക്കാരെ കണ്ടെത്തി അവർക്ക് മികച്ച പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

യൂണിഫോം തുണി സ്കൂളുകളിൽ നൽകിയത് പൂർണ്ണമായും കൈത്തറിയിൽ നെയ്തെടുതാണ്. നൂൽ വാങ്ങൽ, പാവ് ചുറ്റൽ, നെയ്ത തുണി മുറിച്ചെടുക്കൽ, ചായം മുക്കാൻ നൽകൽ, തിരികെ എത്തിക്കൽ, സ്കൂളുകളിൽ ആവശ്യമുള്ള തുണി എത്തിക്കൽ തുടങ്ങിയ ഓരോ ഘട്ടങ്ങളിലും നൂലിന്റെയും തുണിയുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള എല്ലാ മാനദണ്ഡങ്ങളും പരിശോധനകളും നടത്തിയശേഷമാണ് തുണി സ്കൂളുകളിൽ എത്തിച്ചിട്ടുള്ളത്. ഇതിലേക്ക് ഐ.ഐ.എച്ച്.റ്റി,

ഹാൻവീവ്, ഹാന്റക്സ് എന്നിവിടങ്ങളിലെ വിദഗ്ദ്ധരായ ക്വാളിറ്റി ചെക്കിംഗ് ഇൻസ്പെക്ടറുമാരെ നിയോഗിച്ചിരുന്നു. കൂടാതെ സ്കൂൾ യൂണിഫോം നെയ്യുന്ന വീവർക്കും തറിക്കും പ്രത്യേകം കോഡ് നമ്പർ നൽകിയിട്ടുണ്ട്. പ്രസ്തുത നമ്പർ ടിയാൻ നെയ്തെടുത്ത തുണിയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. തുണിയിൽ വല്ല കൃത്രിമവും കണ്ടാൽ ഈ കോഡ് നമ്പർ ഉപയോഗിച്ച് ആ വീവറെ കണ്ടെത്തുവാനും കഴിയും. ആയതിനാൽ സ്കൂൾ യൂണിഫോമിനായി വിതരണം ചെയ്തിട്ടുളള തുണി 100 ശതമാനവും കൈത്തറിയിൽ നെയ്തതാണെന്ന് ഉറപ്പിച്ചുപറയാൻ കഴിയും. മിൽ തുണിയുടെ യാതൊരു വിധ കടന്നുകയറ്റവും ഉണ്ടായിട്ടില്ല. കൂടാതെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് മാത്രമായി ഹാന്റ്ലൂം മാർക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണം, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം, കയറ്റുമതി പ്രോത്സാഹനം, കൈത്തറി വസ്തുങ്ങളുടെ പ്രചരണം തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

(സി) കൈത്തറി സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനവും പ്രോത്സാഹനവും എന്ന പദ്ധതിയിൻ കീഴിൽ താഴെ പറയുന്ന രീതിയിൽ ധനസഹായം നൽകാൻ സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

1. വർക്ക് ഷെഡ് നവീകരണ ഗ്രാന്റ്, വ്യക്തിഗത നെയ്ത്തുകാർക്കുളള വർക്ക്ഷെഡ് നവീകരണ ഗ്രാന്റ്.
2. മൂല്യ വർദ്ധിതവും അധിക മൂല്യവർദ്ധിതവുമായ ഉൽപന്നങ്ങളുടെ ഉൽപാദനവും പ്രോത്സാഹനവും.
3. ഡൈഹൗസ് നവീകരണ ഗ്രാന്റ്

മേൽ ചേർത്ത പദ്ധതികൾ ഉൾപ്പെടെ കൈത്തറി മേഖലയുടെ ആധുനികവൽക്കരണത്തിനായി 10 കോടി രൂപയും കയറ്റുമതി പ്രോത്സാഹത്തിനായി 10 ലക്ഷം രൂപയും നടപ്പുസാമ്പത്തിക വർഷം വകകൊളളിച്ചിട്ടുണ്ട്.

കൈത്തറി വസ്ത്രങ്ങളുടെ പ്രചരണാർത്ഥം സംസ്ഥാന തലത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പ്രധാനമായും ദൃശ്യ, ശ്രവ്യ, മാദ്ധ്യമങ്ങളിലൂടെയും ആനുകാലിക പ്രസിദ്ധീകരണങ്ങൾ, മാഗസിനുകൾ, പ്രത്യേക പതിപ്പുകൾ, പരസ്യബോർഡുകൾ എന്നിവയി ലൂടെ യും പരസ്യപ്രചാരണം നടത്തുന്നു. കൂടാതെ സ്കൂൾ കുട്ടികൾക്ക് കൈത്തറി വസ്ത്രത്തിന്റെ മഹത്വത്തെക്കുറിച്ച് ബോധ വൽക്കരണം നടത്തുന്നതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ ചിത്രരചന മൽസരങ്ങൾ ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ജില്ലാതല വിജയികൾക്ക് സംസ്ഥാനതല മൽസരം സംഘ ടിപ്പിക്കുകയും വിജയികൾക്ക് സമ്മാനം നൽകുന്നുമുണ്ട്. കൂടാതെ കോളേജ് തലത്തിൽ കൈത്തറി തുണിയുടെ പ്രചരണത്തിനു വേണ്ടി എക്സിബിഷൻ, സെമിനാർ, എന്നിവ സംഘടി പ്പിക്കുന്നു. ഇതിനായി 220 ലക്ഷം വകകൊള്ളി ച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ